LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലെ പാലത്തിന്റെ ശോചനീയാവസ്ഥ കണക്കിലെടുത്ത് സ്ഥലമെടുപ്പ് നടപടികൾ ത്വരിതഗതിയിലാക്കാൻ നടപടി സ്വീകരിക്കുമോ; ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്ത് നൽകേണ്ടത് റവന്യൂ വകുപ്പാണ്. നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആവശ്യമായ ഭൂമി ലഭ്യമായാൽ പാലം നിർമ്മാണം ആരംഭിക്കുന്നതാണ്.

കൽപ്പറ്റ ബൈപ്പാസ് റോഡ് നടപ്പാത വിപുലപ്പെടുത്തുന്നത്

354 (1439) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ ബൈപ്പാസ് റോഡ്, വില്ലേജ് ഓഫീസ്, [illegible] [illegible] നടപ്പാത എന്നിവ വിപുലപ്പെടുത്തുന്നതിനായി പൊതുമരാമത്ത് ക്വാർട്ടേഴ്സിന്റെ ചുറ്റുമതിൽ പൊളിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിരിക്കുന്ന നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ കോഴിക്കോട് നോർത്ത് സർക്കിളിന്റെ ഡി.ബി.3/1830/2015 എന്ന ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപേക്ഷ പ്രകാരം നടപ്പാത വിപുലീകരിക്കുന്നതിന് കൽപ്പറ്റ പി.ഡബ്ല്യു.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഔദ്യോഗിക വസതിയുടെ ചുറ്റുമതിലിന്റെ ഒരു ഭാഗം പൊളിച്ചുമാറ്റി നടപ്പാത വിപുലീകരിക്കുന്നതിനാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

(ബി) പ്രസ്തുത വിഷയത്തിന്മേലുള്ള കോഴിക്കോട് പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം നോർത്ത് സർക്കിളിന്റെ ഡി.ബി.3/1830/2015 നമ്പർ ഫയൽ 8-7-2015-ന് പൊതുമരാമത്ത് കെട്ടിട വിഭാഗം കാര്യാലയത്തിൽ ലഭിക്കുകയും തുടർന്ന് ക്വാർട്ടേഴ്സ് കെട്ടിടം സംരക്ഷിക്കേണ്ടതുള്ളതിനാൽ പൊളിക്കേണ്ട മതിൽ കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ ചെലവിൽ പൊളിച്ചുമാറ്റി പുതിയ അതിർത്തിയിൽ പുനർ നിർമ്മിക്കണമെന്ന ഉപാധിയോടെ സർക്കാർ അനുമതിക്ക് വിധേയമായി സ്ഥലം വിട്ടുകൊടുക്കാവുന്നതാണെന്ന ശിപാർശ പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ 30-11-2015-ൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.